LCO/5287/2025-E3

ലേബർ കമ്മീഷണറുടെ കാര്യാലയം
തൊഴിൽ ഭവൻ, വികാസ്ഭവൻ പി.ഒ.
തിരുവനന്തപുരം.
തീയതി : 03-12-2025
Email:esection.lcoffice@gmail.com

**<u>സർക്കുലർ നം. 21/2025</u>**

വിഷയം: തൊഴിൽ വകുപ്പ് – സ്ഥാപനകാര്യം – തൊഴിൽ വകുപ്പിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം വഴിയുള്ള ഹാജർനില അനുസരിച്ച് മാത്രം ശമ്പളം പ്രോസസ് ചെയ്യുന്നതിന് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്.

സൂചന: 1. 10.11.2025 ലെ ഡി2/460/2022-തൊഴിൽ നമ്പർ സർക്കാർ കത്ത്.
2. 19/11/2025 തീയതിയിലെ 19/2025 നമ്പർ സർക്കുലർ.

തൊഴിൽ വകുപ്പിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം വഴിയുള്ള ഹാജർനില അനുസരിച്ച് മാത്രം ശമ്പളം പ്രോസസ് ചെയ്യുന്നതിന് സൂചന (2) പ്രകാരം പുറപ്പെടുവിച്ച സർക്കുലറിൽ ക്രമ നമ്പർ 7, 8 എന്നിവയിൽ നൽകിയിരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ, ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന, ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിലെ ശമ്പള സൈക്കിളിൽ നിന്നും ഒഴിവാക്കപ്പെട്ട ജീവനക്കാർക്ക് മാത്രം ബാധകമായിരിക്കും എന്ന് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

മേൽ ഭേദഗതിയോടെ സൂചന സർക്കുലറിലെ നിർദ്ദേശങ്ങൾ നിലനിൽക്കുന്നതാണ്.

സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം വഴിയുള്ള ഹാജർനില അനുസരിച്ച് മാത്രം ശമ്പളം പ്രോസസ് ചെയ്യുന്നതിനുള്ള നടപടി 2025 നവംബർ മാസത്തിൽ തന്നെ ആരംഭിക്കുവാൻ സൂചന (1) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്ന സാഹചര്യത്തിൽ, ഈ വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിച്ച് നടപടി റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കുവാനും നിർദ്ദേശം നൽകുന്നു.

Safna Nazarudeen

LABOUR COMMISSIONER

എല്ലാ ജീവനക്കാർക്കും
എല്ലാ ഉപകാര്യാലയങ്ങൾക്കും
(വെബ് സൈറ്റ് മുഖാന്തിരം)

പകർപ്പ് :-

1. ലേബർ കമ്മീഷണറുടെ പി.എ
2. എല്ലാ യൂണിറ്റ് ഓഫീസർമാർക്കും
3. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് & നോഡൽ ഓഫീസർ
4. ഫയൽ / സ്റ്റോക്ക് ഫയൽ